Malappuram District Police

# 25/02/2018 വഴിക്കടവ്

വഴിക്കടവിലെ ക്ഷേത്രക്കവർച്ചാ കേസിൽ ഉൾപ്പെട്ട പ്രതിയെ പൊലീസ് അറസ്റ്റ് ചെയ്തു. തമിഴ്നാട് നീലഗിരി ജില്ലയിലെ ദേവാല സ്വദേശി സുബ്രുമണി (വെള്ളയ്യൻ -34) യെയാണ് വഴിക്കടവ് പൊലീസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ 20ന് കാരക്കോട് ദേവീക്ഷേത്രത്തിലും വള്ളിക്കാട് മഹാദേവക്ഷേത്രത്തിലുമാണ് ഭണ്ഡാരങ്ങൾ തകർത്ത് കവർച്ച നടത്തിയത്.

കാരക്കോട് ക്ഷേത്രത്തിൽ കവർച്ചയ്ക്കിടയിൽ ബഹളംകേട്ട് പൂജാരിയെത്തിയപ്പോഴേക്കും മോഷ്ടാവ് ഓടിരക്ഷപ്പെടുകയായിരുന്നു. ഇവിടെനിന്നു കണ്ടെടുത്ത പ്ലാസ്റ്റിക് കവറിലുണ്ടായിരുന്ന വസ്ത്രങ്ങളാണ് മോഷ്ടാവിനെ പിടികൂടാൻ പൊലീസിന് സഹായകമായത്. 2014 ഫെബ്രുവരി മാസം മുതൽ കോയമ്പത്തൂർ ജയിലിൽ കഴിഞ്ഞിരുന്ന പ്രതി കഴിഞ്ഞ ജനുവരി 24നാണ് പുറത്തിറങ്ങിയത്.

വഴിക്കടവ് എസ്ഐ എം.അഭിലാഷ്, ഗ്രേഡ് എസ്ഐ പി.അജയ്കുമാർ, എഎസ്ഐമാരായ എം.അസൈനാർ, പി.ജയകൃഷ്ണൻ,എസ്സിപിഒ സതീഷ്കുമാർ, സിപിഒമാരായ എൻ.പി.രതീഷ്, ഉണ്ണിക്കൃഷ്ണൻ, ജയേഷ് എന്നിവരടങ്ങുന്ന സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്ത്. പ്രതിയെ സ്ഥലത്തെത്തിച്ച് തെളിവെടുപ്പ് നടത്തി. നിലമ്പൂർ കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.